ആൾക്കൂട്ട കൊലപാതകം: കൂടുതൽ പേർ കുടുങ്ങും

അരീക്കോട് (മലപ്പുറം)

കിഴിശേരി തവനൂർ ഒന്നാം മൈലിൽ ആൾക്കൂട്ട മർദനത്തിൽ ബിഹാർ സ്വദേശി രാജേഷ് മാഞ്ചി (36) കൊല്ലപ്പെട്ട സംഭവത്തിൽ അറസ്റ്റിലായ ഒമ്പതുപേരെയും കോടതി റിമാൻഡ് ചെയ്തു. കൂടുതൽപേർ ഉൾപ്പെട്ടതായ വിവരത്തെ തുടർന്ന് അമ്പതിൽപരംപേരെ സ്റ്റേഷനിലെത്തിച്ച് ചോദ്യം ചെയ്തു. എട്ടുപേരെ കഴിഞ്ഞദിവസംതന്നെ റിമാൻഡ് ചെയ്തിരുന്നു.

ഒമ്പതാം പ്രതിയായ ഒന്നാം മൈൽ സ്വദേശി പാട്ടുകാരൻ സൈനുൽ ആബിദി (29)നെ തിങ്കളാഴ്ച സ്ഥലത്തെത്തിച്ച് തെളിവെടുത്തു. സ്ഥലത്തെ സിസിടിവി കാമറയുടെ ഡിവിആർ എടുത്തുമാറ്റിയതിനാണ് യുവാവിനെ അറസ്റ്റ് ചെയ്തത്.

തെളിവ് നശിപ്പിക്കൽ കുറ്റമാണ് ചുമത്തിയത്. ഇയാൾ ഒളിപ്പിച്ച ഡിവിആർ പൊലീസ് കണ്ടെടുത്തിട്ടുണ്ട്. തെളിവെടുപ്പിനുശേഷം കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

വെള്ളിയാഴ്ച പുലർച്ചെയാണ് രാജേഷ് മാഞ്ചിയെ ഒരുവിഭാഗം ആളുകൾ കെട്ടിയിട്ട് മർദിച്ച് കൊലപ്പെടുത്തിയത്. സംഭവം നടന്ന് രണ്ട് ദിവസത്തിനകം മുഴുവൻ പ്രതികളെ കണ്ടെത്താനും തെളിവെടുപ്പ് നടത്താനും കൂടുതൽ തെളിവുകൾ ശേഖരിക്കാനും പൊലീസിനായി. സംഭവം നടന്ന് മണിക്കൂറുകൾക്കുള്ളിൽ തന്നെ പ്രതികളെ പൊലീസ് അറസ്റ്റ് ചെയ്തിരുന്നു.

■ പൂച്ചക്കുഞ്ഞുങ്ങൾ സഞ്ചരിച്ചത് 1112 കി. മീ

തൻകുഞ്ഞ് പൊൻകുഞ്ഞ് തന്നെ

ടി ബി ജയപ്രകാശ്

പുന്നയൂർക്കുളം

ആധിയോടെ ആയിരംകാതം താണ്ടി അവർ മടങ്ങിയെത്തി അമ്മയുടെ സ്നേഹത്തിലേക്ക്. അമ്മ–മനുഷ്യനിലും മൃഗത്തിലും സമാനകളില്ലാത്ത ത്യാഗമെന്ന് തെളിയിച്ചു, പൂന്നയൂർക്കുളത്തെ അമ്മപ്പൂച്ച. മൊബൈൽ ഫ്രീസറിൽ കുരുങ്ങിയ കുഞ്ഞുങ്ങൾക്കായി അന്നം പോലും വേണ്ടന്നുവച്ചുള്ള കാത്തിരിപ്പ് രണ്ടാംനാളിൽ അവസാനിച്ചു. ആ സമാഗമം കാഴ്ചക്കാരുടെ കണ്ണുകളെ നീരണിയിച്ചു.

വടക്കേക്കാട് താമസിച്ചിരുന്ന തമിഴ്നാട് കടല്ലൂർ സ്വദേശി കാട്ടുമണ്ണാർകോവിൽ സിലംബരസൻ (38) കഴിഞ്ഞ ദിവസം മരിച്ചിരുന്നു. ഇദ്ദേഹത്തിന്റെ മൃതദേഹം നാട്ടിലെത്തിക്കാനായി നാട്ടുകാർ പുന്നയൂർക്കുളം ക്രിയേറ്റീവ് ആംബുലൻസ് ഏർപ്പാടാക്കി. പുന്നയൂർക്കുളം ചെറായിയിലെ ഓഫീസിലെത്തി ഫ്രീസർ ആംബുലൻസിൽ കയറ്റി. പിന്നീട് മൃതദേഹവുമായി തമിഴ്നാട്ടിലേക്ക് പുറപ്പെട്ടു. ഫ്രീസർ ആംബുലൻസിലേക്ക് കയറ്റുമ്പോൾതന്നെ പൂച്ച കരഞ്ഞുകൊണ്ട് പിന്നാലെ പാഞ്ഞെങ്കിലും ആരും കാര്യമാക്കിയില്ല. ഓഫീസിനും ചുറ്റും നിർത്താതെ കരഞ്ഞുകൊണ്ട് നടന്നിരുന്ന പൂച്ചയെ കണ്ട് ചിലർ പരിശോധിച്ചപ്പോഴാണ് കുഞ്ഞുങ്ങൾ ഇല്ലെന്ന് മനസ്സിലായത്. സ്ഥിരമായി ഫ്രീസറിനടിയിൽ പതുങ്ങിയിരുന്നിരുന്ന കുഞ്ഞുങ്ങൾ ആംബുലൻസിലുണ്ടോ എന്നറിയാൽ ക്രിയേറ്റീവ്

അമ്മപ്പൂച്ചയും കുഞ്ഞുങ്ങളും

സെക്രട്ടറി എം റാണാപ്രതാപ് ഡ്രൈവറെ വിളിച്ചു. അവിനാശിയിലെത്തി വണ്ടി നിർത്തി പരിശോധിച്ചുനോക്കിയെങ്കിലും ഡ്രൈവർക്ക് കുഞ്ഞുങ്ങളെ കണ്ടെത്താനായില്ല. മൃതദേഹം ഇറക്കിയശേഷം കോയമ്പത്തൂർ എത്തിയപ്പോൾ ശബ്ദം കേട്ട് പരിശോധിച്ചപ്പോഴാണ് രണ്ട് കുട്ടികളും വണ്ടിയിലുണ്ടെന്ന് മനസ്സിലാക്കുന്നത്.

രാത്രി ഏറെ വൈകിയാണ് കുഞ്ഞുങ്ങളെ അമ്മപ്പൂച്ചയ്ക്കടുത്ത് എത്തിക്കാനായത്. ഒന്നര ദിവസത്തിനിടെ 1112 കിലോമീറ്ററാണ് പൂച്ചക്കുഞ്ഞുങ്ങൾ സഞ്ചരിച്ചത്. മൃതദേഹം എടുക്കാൻ ഫ്രീസർ പുറത്തിറക്കാതെ സ്ട്രക്ചർ മാത്രം എടുത്തതിനാലാണ് കുഞ്ഞുങ്ങൾ തിരിച്ചെത്തിയത്.

ഒന്നരദിവസം അമ്മപ്പൂച്ചയുടെ കരച്ചിലും അന്വേഷണവും നാട്ടുകാരെ അമ്പരപ്പിക്കുന്നതും കണ്ണീരണിയിക്കുന്നതുമായിരുന്നു. രണ്ടുദിവസത്തിനിടെ പലവട്ടം ഭക്ഷണം നൽകിയെങ്കിലും ഒരിറ്റുവെള്ളംപോലും കുടിക്കാതെ മക്കൾക്കായുള്ള അമ്മയുടെ കാത്തിരിപ്പ് ഹൃദയസ്പർശിയായി.

എം ടിക്ക് നാടിന്റെ ആദരവ് ഇന്ന്

തിരൂർ

നവതി ആഘോഷിക്കുന്ന എം ടി വാസുദേവൻ നായർക്ക് ആദരമർപ്പിക്കുന്ന 'സാദരം എം ടി–ഉത്സവ'ത്തിന് ചൊവ്വാഴ്ച തിരൂർ തുഞ്ചൻപറമ്പിൽ തിരിതെളിയും. 20 വരെയുള്ള ദിവസങ്ങളിൽ എം ടിക്ക് ആദരമർപ്പിച്ച് വിവിധ പരിപാടികളാണ് നടക്കുക.

ചൊവ്വ വൈകിട്ട് അഞ്ചിന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനംചെയ്യും. എം ടിക്കുള്ള സംസ്ഥാന സർക്കാരിന്റെ പ്രഥമ കേരളജ്യോതി പുരസ്കാര സമർപ്പണവും മുഖ്യമന്ത്രി നിർവഹിക്കും.

മമ്മൂട്ടി മുഖ്യാതിഥിയാകും. മന്ത്രി സജി ചെറിയാൻ അധ്യക്ഷനാകും. എം ടിയുടെ പുസ്തകങ്ങൾ, പുരസ്കാരങ്ങൾ, ഫോട്ടോകൾ എന്നിവ കോർത്തിണക്കിയ കാഴ്ച പ്രദർശനം മന്ത്രി വി അബ്ദുറഹ്മാൻ ഉദ്ഘാടനം ചെയ്യും. സി രാധാകൃഷ്ണൻ ആദരഭാഷണം നടത്തും. രാത്രി 7.30ന് 'പുഷ്പവതി പാടുന്നു' ഗാനസന്ധ്യ അരങ്ങേറും.

ബുധൻ രാവിലെ 10ന് എം ടിയുടെ നോവൽ ഭൂമിക, പകൽ രണ്ടിന് എം ടിയുടെ കഥാപ്രപഞ്ചം എന്നീ വിഷയങ്ങളിൽ സെമിനാറുകൾ. വൈകിട്ട് 4.30ന് എം ടിയോടൊപ്പം– സ്നേഹസംഗമം.

പുകഴ്ത്തുന്നവർ ആർഎസ്എസിന്റെ തനിനിറം കാണാതെ പോകരുത്: പിണറായി

പാലക്കാട്/ഒറ്റപ്പാലം

ആർഎസ്എസിനെയും ബിജെപിയെയും പുകഴ്ത്തുന്നവർ അവരുടെ തനിനിറം കാണാതെ പോകരുതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പാലക്കാട്, മലമ്പുഴ, ഒറ്റപ്പാലം എൽഡിഎഫ് മണ്ഡലം റാലികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ ആഭ്യന്തര ഭീഷണി മുസ്ലിങ്ങളും ക്രിസ്ത്യാനികളും കമ്യൂണിസ്റ്റുകാരുമാണ് എന്നത് ആർഎസ്എസ് നിലപാടാണ്. സിപിഐ എമ്മും എൽഡിഎഫും ഇക്കാര്യം വ്യക്തമാക്കുന്നത് തെറ്റിദ്ധാരണയെ തുടർന്നാണെന്ന് ചിലർ പറഞ്ഞതായി മാധ്യമങ്ങളിൽ കണ്ടു. ഇവർ യുണൈറ്റഡ് ക്രിസ്ത്യൻ ഫോറം നടത്തിയ സർവേ റിപ്പോർട്ട് കാണുന്നത് നല്ലതാണ്.

2022ൽ രാജ്യത്ത് ക്രൈസ്തവർക്കെതിരെ അക്രമം വർധിച്ചതായാണ് കണക്ക്. 21 സംസ്ഥാനങ്ങളിലായി 598 ആക്രമണങ്ങളുണ്ടായത് തെറ്റിദ്ധാരണമൂലമാണോ. 2021ൽ 505 ആക്രമണമുണ്ടായി.

ആർഎസ്എസുമായും ബിജെപിയുമായും ചങ്ങാത്തം കൂടാമെന്ന് പറയുമ്പോൾ മതന്യൂനപക്ഷങ്ങളിലെ സാധാരണക്കാർ നിങ്ങൾക്കൊപ്പമില്ലെന്ന് മനസ്സിലാക്കണം.

വർഗീയതയെയാണ് ഞങ്ങൾ എതിർക്കുന്നത്. മതനിരപേക്ഷത തകരാതിരിക്കാൻ ശക്തിയുക്തം നിൽക്കും. പാഠപുസ്തങ്ങളിൽ ചിലത് പഠിപ്പിച്ചുകൂടെന്നാണ് കേന്ദ്രം പറയുന്നത്. അക്രമത്തിന്റെ ചരിത്രമുള്ളവർ അക്രമികളായവർ ഭരണം കൈയാളുമ്പോൾ ഇതൊക്കെ നടക്കും. ഇവരുടെ അക്രമങ്ങൾ കുട്ടികൾ മനസ്സിലാക്കുമെന്ന് ഭയന്നാണ് മറയ്ക്കാൻ ശ്രമിക്കുന്നത്.

മതനിരപേക്ഷതയുടെ വിളനിലങ്ങളാണ് വിദ്യാലയങ്ങൾ. ഏതൊക്കെ പഠിപ്പിക്കാണ്ടായെന്ന് പറഞ്ഞോ അതൊക്കയും കേരളത്തിൽ പഠിപ്പിക്കുക തന്നെ ചെയ്യുമെന്നും പിണറായി പറഞ്ഞു.

വിയോജിപ്പിന്റെ സ്വരങ്ങൾ ആരെയാണ് ഭയപ്പെടുത്തുന്നത്?

വാർത്താമാധ്യമങ്ങളെ കോർപറേറ്റുകളിലൂടെ കൈയടക്കുന്നതിനൊപ്പം സംഘപരിവാറിന്റെ ചൊൽപ്പടിയിൽ നിർത്താനുമുള്ള നീക്കവും നടക്കുന്നു. വിയോജിപ്പിന്റെ ഒരു സ്വരവും പുറത്തുവരരുത് എന്നതാണ് ഫാസിസ്റ്റ് രീതി. രാജ്യത്തെ ഏറ്റവും പ്രചാരമുള്ള വാർത്താ ഏജൻസിയായ പ്രസ് ട്രസ്റ്റ് ഓഫ് ഇന്ത്യയെ ഒഴിവാക്കിയാണ് (പിടിഐ) ഹിന്ദുസ്ഥാൻ സമാചാറുമായി കേന്ദ്രസർക്കാർ കരാറിലേർപ്പെട്ടത്.

ഡോ. വിനോദ് കെ ജോസ്

അൽഅമീൻ പത്രം നിർവഹിച്ച പ്രതിരോധപാഠങ്ങൾ
പി പി അബൂബക്കർ

വികസനത്തിൽ കേരളത്തിന്റെ ഇടതുബദൽ
പ്രൊഫ. സി രവീന്ദ്രനാഥ്

എൽഡിഎഫ് സർക്കാർ മൂന്നാം വർഷത്തിലേക്ക്
കവിത ഒ പി സുരേഷ്, ആലങ്കോട് ലീലാകൃഷ്ണൻ
ഓർമ കെ രഘുനാഥൻ കഥ പ്രവീൺകുമാർ

വിപണിയിൽ ദേശാഭിമാനി വാരിക

■ മയക്കുമരുന്ന് വേട്ട

കടലിൽ തള്ളിയ ലഹരി കണ്ടെത്താൻ ശ്രമം

കപ്പലിൽനിന്ന് രക്ഷപ്പെട്ടവർ ആൻഡമാൻ ദ്വീപിൽ ഒളിച്ചതായി വിവരം

സ്വന്തം ലേഖകൻ

കൊച്ചി

പുറംകടലിൽ നാവികസേനയുടെ കപ്പലുകളും ഹെലികോപ്ടറും പിന്തുടർന്നപ്പോൾ മയക്കുമരുന്ന് സംഘം കടലിൽ തള്ളിയ ലഹരി പാഴ്സലുകൾ കണ്ടെത്താൻ എൻസിബി നാവികസേനയുടെ സഹായത്തോടെ ശ്രമം തുടങ്ങി. വെള്ളം കയറാത്തരീതിയിൽ പൊതിഞ്ഞാണ് പാഴ്സലുകൾ കടലിൽ തള്ളിയത്. ജിപിഎസ് സംവിധാനം ഉപയോഗിച്ച് ലഹരി റാക്കറ്റിന് പിന്നീട് ഇത് കണ്ടെത്താനാകും. അതിനുമുമ്പ് ഇവ കസ്റ്റഡിയിലെടുക്കാനാണ് നീക്കം.

മയക്കുമരുന്ന് പിടിച്ച കപ്പലിൽനിന്ന് രക്ഷപ്പെട്ട ആറുപേർ ആൻഡമാൻ ദ്വീപിൽ ഒളിച്ചതായാണ് വിവരം. ഇവർ പാകിസ്ഥാൻകാരാണ്. പതിമൂന്നിനാണ് 2525 കിലോഗ്രാം മെത്താംഫെറ്റമിൻ നാവികസേനയും നാർകോട്ടിക് കൺട്രോൾ ബ്യൂറോയും ചേർന്ന് പിടിച്ചെടുത്തത്. അറസ്റ്റിലായ പാകിസ്ഥാൻകാരൻ സുബൈറിനെ തിങ്കൾ രാത്രി മജിസ്ട്രേറ്റിന്റെ വീട്ടിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

അതിനിടെ മയക്കുമരുന്നിൽ നിന്നുള്ള വരുമാനം ആർക്കൊക്കെയാണ് ലഭിക്കുന്നതെന്നതിൽ അന്വേഷണം ഊർജിതമാക്കി. ഹാജി സലിം നെറ്റ്‌വർക്കിനു മാത്രമാണോ അതോ മറ്റ് ഗ്രൂപ്പുകൾക്കും പോകുന്നുണ്ടോയെന്നാണ് അന്വേഷിക്കുന്നത്. എൻഐഎ, ഐബി, റോ, എൻസിബി എന്നീ ഏജൻസികൾ ഇയാളെ നിരീക്ഷിക്കുകയാണ്. കേന്ദ്ര ഇന്റലിജൻസ് ബ്യൂറോയും അന്വേഷണം നടത്തുന്നുണ്ട്.

അറസ്റ്റിലായ പാകിസ്ഥാൻകാരൻ സുബൈറിനെ മജിസ്ട്രേട്ടിന് മുന്നിൽ ഹാജരാക്കാൻ കൊണ്ടുവന്നപ്പോൾ

അന്വേഷണം മെട്രോ നഗരങ്ങളിലേക്ക്

മയക്കുമരുന്ന് പിടിച്ച കേസിന്റെ അന്വേഷണം ഇന്ത്യയിലെ വിവിധ മെട്രോ നഗരങ്ങളിലേക്ക് വ്യാപിപ്പിക്കാൻ എൻസിബി നീക്കം. രാസലഹരി എത്തിക്കാൻ ലക്ഷ്യമിട്ടതിൽ ഇന്ത്യൻ നഗരങ്ങളുമുണ്ടെന്ന വിവരത്തിന്റെ അടിസ്ഥാനത്തിലാണിത്.

പാകിസ്ഥാനിൽ നിർമിച്ച ലഹരിവസ്തുക്കൾ ചെറുബോട്ടുകളിൽ വിവിധയിടങ്ങളിൽനിന്ന് എത്തിച്ചശേഷം മദർഷിപ്പിലേക്ക് മാറ്റുകയായിരുന്നു.

ഇറാനിൽനിന്ന് ഇന്ത്യൻതീരംവഴി ശ്രീലങ്കയിലേക്കും മാലദ്വീപിലേക്കും കടത്തുകയായിരുന്നു ലക്ഷ്യം.

മുഖ്യമന്ത്രി പ്രതികരിക്കണം: ചെന്നിത്തല

തൃശൂർ

സേഫ് കേരള പദ്ധതിയെക്കുറിച്ച് ഉയർന്ന ആരോപണങ്ങളിൽ മുഖ്യമന്ത്രി പ്രതികരിക്കണമെന്ന് കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല എംഎൽഎ. സർക്കാരിന്റെ കാര്യത്തിൽ പാർടി സെക്രട്ടറിയല്ല മറുപടി പറയേണ്ടത്. സേഫ് കേരള പദ്ധതിക്ക് എതിരല്ല. എഐ ക്യാമറ സ്ഥാപിച്ചതിൽ പ്രതിഷേധമില്ലെങ്കിലും പിഴ ഈടാക്കുമ്പോൾ പ്രതിഷേധം ഉയരും. അത് മനസ്സിലാക്കിയാണ് പിഴ അടപ്പിക്കാനുള്ള തീരുമാനം വൈകിപ്പിക്കുന്നത് -ചെന്നിത്തല പറഞ്ഞു.



RNI Reg. No. 44790/90. Vol. XXXV No.129 Reg.No. KL/TV(N)/33/2018-20. Printed and Published by K J THOMAS On behalf of CPI(M) Kerala State Committee and Printed at P Krishna Pillai Memorial Printing and Publishing Co. (P) Ltd. Thampanoor, Thiruvananthapuram-695 001
Editor: Puthalath Dinesan (Responsible for selection of news under the PRB Act) Chief Editor: Puthalath Dinesan. Phone: 0471 2701800. Email: dbitvm@gmail.com, website: www.deshabhimani.com